പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4435

25/06/2019-ൽ

മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്**

ചോദ്യം

**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചശേഷം സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; 2017-18, 2018-19, 2019-20 അദ്ധ്യയന വർഷങ്ങളിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ;

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ച ശേഷം സർക്കാർ വിദ്യാലയങ്ങളിൽ ഒന്നു മുതൽ ഒൻപതു വരെ ക്ലാസുകളിൽ 2016-17 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18 വർഷം 1,57,406 കുട്ടികളും, 2017-18 നെ അപേക്ഷിച്ച് 2018-19 ൽ 1,85,971 കുട്ടികളും, 2018-19 നെ അപേക്ഷിച്ച് 2019-20 -ൽ 1,64,825 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മേൽപറഞ്ഞ കാലയളവിൽ എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് താഴെ പറയുന്ന പ്രകാരമാണ്.

| വർഷം | കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് |
|---|---|
| 2017-18 | 100693 |
| 2018-19 | 115327 |
| 2019-20 | 100273 |

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ മൂന്നു വർഷത്തെ വിശദാംശംങ്ങൾ നൽകുമോ?

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| വർഷം | കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | ആകെ |
| 2016-17 | 3499 | 3611 | 7110 |
| 2017-18 | 2503 | 3137 | 5640 |

2018-19-ലെ കൊഴിഞ്ഞുപോയ കുട്ടികളുടെ വിവരം ശേഖരിച്ചു വരുന്നു.

Namitha.P

**സെക്ഷൻ ഓഫീസർ**